# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം .79 — 07.02.2013 -ൽ മറുപടിയ്ക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പുനഃസംഘടന

**ചോദ്യം**

ശ്രീ. എം.ഉമ്മർ
ശ്രീ. എൻ.ഷംസുദ്ദീൻ
ശ്രീ. എൻ.എ.നെല്ലിക്കുന്ന്
ശ്രീ. സി.മോയിൻകുട്ടി

**ഉത്തരം**

ശ്രീ. ഷിബു ബേബി ജോൺ
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാലാനുസൃതമായി പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുനഃസംഘടിക്കുന്നതിന്റെ ഭാഗമായി, 2012-2013 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം കൊല്ലം, എറണാകുളം, കോഴിക്കോട്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകൾ ആയി മാറ്റുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തശേഷം, സ്ഥിര വരുമാനമുള്ള ജോലി ലഭിച്ചവരെ റോളിൽനിന്നും ഒഴിവാക്കാറുണ്ടോ; എങ്കിൽ അതിന് അനുവർത്തിച്ചുവരുന്ന രീതി വിശദമാക്കുമോ ; | (ബി) | ഒഴിവാക്കാറുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന സ്ഥിരം ഒഴിവുകൾക്ക്, നാമനിർദ്ദേശം ചെയ്ത ഉദ്യോഗാർത്ഥിക്ക് ടി ഒഴിവിൽ നിയമനം ലഭിച്ചുവെന്ന് ഉദ്യോഗദായകൻ അറിയിക്കുമ്പോൾ, ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ രേഖയിൽ placement എന്ന് രേഖപ്പെടുത്തി , ലൈവ് രജിസ്റ്ററിൽ നിന്നും ടി ഉദ്യോഗാർത്ഥിയുടെ പേര് നീക്കം ചെയ്തു വരുന്നു. എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | | | എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥിക്ക്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ , നേരിട്ട് സ്ഥിരം നിയമനം ലഭിക്കുകയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം തുടർന്ന് ആവശ്യമില്ലായെന്ന് ഉദ്യോഗാർത്ഥി രേഖാമൂലം അറിയിക്കുകയും ചെയ്യുന്ന പക്ഷം, ടിയാളുടെ രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡ് മടക്കി വാങ്ങി, ലൈവ് രജിസ്റ്ററിൽ നിന്നും പേര് നീക്കം ചെയ്തു വരുന്നുണ്ട്. |
| (സി) | വർഷങ്ങൾക്കുമുമ്പ് രജിസ്റ്റർ ചെയ്ത് സ്ഥിരമായി പുതുക്കുന്നവരെ ഒരു പ്രാവശ്യം പോലും നിയമനത്തിനായി പരിഗണിക്കാതിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൊട്ടാകെ നാൽപത്തി മൂന്നര ലക്ഷത്തിൽപരം ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. താൽക്കാലിക ഒഴിവുകൾ ഉൾപ്പെടെ ശരാശരി 12000 എണ്ണമാണ് പ്രതിവർഷം ഈ എക്സ്ചേഞ്ചുകളിൽ റിപ്പോർട്ടു ചെയ്യുന്നത്. പരിമിതമായ ഈ ഒഴിവുകളിലേക്ക് മാത്രമാണ് നിയമനാധികാരികൾക്ക് ഉദ്യോഗാർത്ഥികളെ നിയോഗിക്കാൻ കഴിയുന്നത്. |
| (ഡി) | സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം 1-1-2012 പ്രകാരം എത്രയാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | 43,54,305 (നാൽപത്തി മൂന്ന് ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി അഞ്ച്) |

സെക്ഷൻ ഓഫീസർ